**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 947** **31-01-2024 - ൽ മറുപടിയ്ക്ക്**

**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് ഭൂമി ഉള്ളവരിൽ നിന്നും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം എത്ര ഹെക്ടർ ഭൂമി വനംവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് ഭൂമി ഉള്ളവരിൽ നിന്നും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിവരം(ജില്ല തിരിച്ച്) അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വനഭൂമിയോട് ചേർന്ന് താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി, വനാന്തരങ്ങളിൽ നിന്നും ആദിവാസി-ഇതര സ്വകാര്യ ഭൂവുടമകളെ മാറ്റിപ്പാർപ്പിക്കാനുള്ള പദ്ധതിയാണ്. ഇത്തരക്കാരിൽ നിന്നുള്ള സ്വമേധയായുള്ള അപേക്ഷകളാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. ആദിവാസി - ഇതര ഭൂവുടമകളെ ഉദ്ദേശിച്ചുള്ള പദ്ധതിയായതിനാൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പട്ടികജാതി വിഭാഗങ്ങളിൽ നിന്നും അപേക്ഷിച്ചവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗത്തെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | (സി) | നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി, വനാന്തരങ്ങളിലുള്ള ആദിവാസി-ഇതര സ്വകാര്യ ഭൂവുടമകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആദിവാസി വിഭാഗത്തിൽപെടുന്ന ഭൂരിഭാഗം വ്യക്തികളും വനാവകാശ നിയമം പ്രകാരം ലഭിച്ച വനഭൂമിയിൽ താമസിക്കുന്നതിനാലും ടി ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കാത്തതിനാലും, പദ്ധതിയുടെ നിലവിലുള്ള നിയമാവലി പ്രകാരം ആദിവാസികളെ ഉൾപ്പെടുത്തുവാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No. | ജില്ല | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | കാസർകോഡ് | 3.0532 |
| 2 | കണ്ണൂർ | 15.8457 |
| 3 | കോഴിക്കോട് | 11.1976 |
| 4 | വയനാട് | 22.6756 |
| 5 | എറണാകുളം | 2.5705 |
| 6 | ഇടുക്കി | 18.6649 |
| 7 | കൊല്ലം | 23.1553 |
| 8 | മലപ്പുറം | 2.0651 |
| | ആകെ | **99.2279** |